## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.470 — 11.12.2012 ൽ മറുപടിയ്ക്ക്

### ബസ്, ഓട്ടോ ചാർജ് വർദ്ധന

| ചോദ്യം<br>ശ്രീ. എം. ഹംസ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പ്രാവശ്യം ബസ്, ഓട്ടോ, ടാക്സി നിരക്കുകൾ വർദ്ധിപ്പിക്കുകയുണ്ടായി; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓട്ടോ, ടാക്സി നിരക്കുകൾ ഒരു പ്രാവശ്യവും ബസ് ചാർജ് നിരക്കുകൾ 2 പ്രാവശ്യവും വർദ്ധിപ്പിക്കുകയുണ്ടായി. |
| (ബി) ഏതു ശുപാർശയുടെ അടിസ്ഥാനത്തിലായിരുന്നു സർക്കാർ ചാർജ് വർദ്ധിപ്പിച്ചത്; | (ബി) | ബസ് ചാർജ്, സ്റ്റുഡന്റ് കൺസഷൻ, ഓട്ടോ, ടാക്സി നിരക്കുകൾ, ചരക്ക് വാഹന വാടക എന്നിവ വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 15/08/2010 ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.61/2010/ഗതാ. പ്രകാരം നിയമിച്ച കേരള ഹൈക്കോടതി റിട്ടയേർഡ് ജസ്റ്റിസ് എം. രാമചന്ദ്രൻ ചെയർമാനും ട്രാൻസ്പോർട്ട് കമ്മീഷണർ മെമ്പർ സെക്രട്ടറിയായും ഉള്ള കമ്മിറ്റി സമർപ്പിച്ചിട്ടുള്ള ശുപാർശകളുടെ അടിസ്ഥാനത്തിലാണ് ചാർജ്ജ് വർദ്ധന നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) ബസ് ചാർജ്, ഓട്ടോ ചാർജ്, ടാക്സി കാർ വാടക എന്നിവയിലുണ്ടായ വർധനവ് മൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടു കണക്കിലെടുത്ത് വർദ്ധന പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.